# കേരള സർവകലാശാല

നം. പി.ആർ.109/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പി.ജി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനപരീക്ഷ

കേരള സർവകലാശാലയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ പി.ജി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനപരീക്ഷ മേയ് 20 മുതൽ 25 വരെ തിരുവനന്തപുരം, എർണാകുളം കേന്ദ്രങ്ങളിൽ വച്ച് നടത്തും. ഹാൾടിക്കറ്റും ടൈംടേബിളും (www.admissions.keralauniversity.ac.in) വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഡൗൺലോഡ് ചെയ്യാം.

## മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്/സി.ആർ പരീക്ഷയുടെ മൂല്യനിർണയകേന്ദ്രങ്ങൾ

2018 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്/സി.ആർ പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണയം മേയ് 17 മുതൽ താഴെപ്പറയുന്ന മൂല്യനിർണയ കേന്ദ്രങ്ങളിൽ ആരംഭിക്കും.

1. ബി.എ (ഇംഗ്ലീഷ് ഒഴികെയുള്ള) വിഷയങ്ങൾ തിരുവനന്തപുരം ഗവ.വിമെൻസ് കോളേജ്, 2. ബി.കോം-സി.ബി.സി.എസ്.എസ് തിരുവനന്തപുരം ഗവ.ആർട്സ് കോളേജ്, 3. ബി.എസ്സി-സി.ബി.സി.എസ്.എസ് തിരുവനന്തപുരം ഗവ.വിമെൻസ് കോളേജ്, 4. കരിയർ റിലേറ്റഡ് വിഷയങ്ങൾ തിരുവനന്തപുരം ഗവ.സംസ്കൃത കോളേജ്, 5. ഇംഗ്ലീഷ് ഭാഷാ വിഷയങ്ങൾ മാത്രം തിരുവനന്തപുരം എം.ജി കോളേജ്, 6. ബി.എ (ഇംഗ്ലീഷ് ഒഴികെയുള്ള) വിഷയങ്ങൾ കൊല്ലം ടി.കെ.എം കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്, 7. ബി.കോം/ഇംഗ്ലീഷ് ഭാഷാ വിഷയങ്ങൾ കൊല്ലം ശ്രീ നാരായണ വനിതാ കോളേജ്, 8. ബി.എസ്സി-സി.ബി.സി.എസ്.എസ് കൊല്ലം ശ്രീനാരായണ കോളേജ്, 9. കരിയർ റിലേറ്റഡ് വിഷയങ്ങൾ കൊല്ലം ശ്രീനാരായണ കോളേജ്, 10. ആലപ്പുഴ എസ്.ഡി.കോളേജ്, 11. പന്തളം എൻ.എൻ.എസ് കോളേജ്

എല്ലാ അധ്യാപകരും ബന്ധപ്പെട്ട മൂല്യനിർണയകേന്ദ്രങ്ങളിൽ പങ്കെടുക്കുന്നു എന്നുള്ളത് അതത് പ്രിൻസിപ്പാൾമാർ ഉറപ്പ് വരുത്തണം. മൂല്യനിർണയ കേന്ദ്രങ്ങളിൽ ഹാജരാകാത്ത അധ്യാപകർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) News എന്ന ലിങ്കിലും ലഭിക്കും.

## ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ പരീക്ഷ

മെയ് 28-ന് ആരംഭിക്കുന്ന ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ പരീക്ഷയ്ക്ക് പിഴകൂടാതെ മെയ് 19, 50 രൂപ പിഴയോടെ മെയ് 21, 125 രൂപ പിഴയോടെ മെയ് 22 വരെയും ഫീസടച്ച് അപേക്ഷിക്കാവുന്നതാണ്.

## പോസ്റ്റ് ഗ്രാജ്യുവേറ്റ് ഡിപ്ലോമ ഇൻ പേറ്റന്റ് ലോ പരീക്ഷ

മെയ് 28-ന് ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജ്യുവേറ്റ് ഡിപ്ലോമ ഇൻ പേറ്റന്റ് ലോ പരീക്ഷയ്ക്ക് പിഴകൂടാതെ മെയ് 19, 50 രൂപ പിഴയോടെ മെയ് 21, 125 രൂപ പിഴയോടെ മെയ് 22 വരെയും ഫീസടച്ച് അപേക്ഷിക്കാവുന്നതാണ്.

## എം.എസ്‌സി പ്രാക്ടിക്കൽ

മാർച്ചിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി ബയോഇൻഫർമാറ്റിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ മേയ് 17-ന് നടത്തും. വിശദവിവരം കോളേജിലും സർവകലാശാല വെബ്സൈറ്റിലും (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

മേയിൽ നടക്കുന്ന 2013 സ്കീം റഗുലർ ബി.ടെക് എട്ടാം സെമസ്റ്റർ കോഴ്സ് കോഡിൽ വരുന്ന ബി.ടെക് പാർട്ട്-ടൈം റീസ്ട്രക്ച്ചേർഡ് 2013 സ്കീം എട്ടും, ആറും, നാലും സെമസ്റ്ററുകളുടെ പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പ്രോജക്ട് ഫെലോ ഒഴിവ്

ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ മിനിസ്ട്രി ഓഫ് ഫാമിലി വെൽഫയറിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് റിസർച്ചിൽ സുവോളജി പഠനവകുപ്പ് അസോസിയേറ്റ് പ്രൊഫസർ. ഡോ.ശ്രീജിത്ത്.പി-യുടെ നേതൃത്വത്തലുള്ള പ്രോജക്ടിലേക്ക് പ്രോജക്ട് ഫെലോ ഒഴിവിന് (ഒന്ന്) അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) job Notification എന്ന ലിങ്കിലും ലഭിക്കും.

## ബി.കോം പ്രാക്ടിക്കൽ, പ്രോജക്ട് മൂല്യനിർണയം, വാചാപരീക്ഷകൾ

ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.കോം കൊമേഴ്സ്&ഹോട്ടൽ മാനേജ്മെന്റ്&കാറ്ററിംഗ് പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്ട് മൂല്യനിർണയം, വാചാപരീക്ഷകൾ മേയ് 16 മുതൽ 18 വരെ വർക്കല എസ്.എൻ കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ.എസ്.എൽ.പി പരീക്ഷ

ജൂൺ അഞ്ചിന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (പഴയ സ്കീം) പരീക്ഷയ്ക്ക് പിഴയില്ലാതെ മേയ് 19, 50 രൂപ പിഴയോടെ മേയ് 22, 125 രൂപ പിഴയോടെ മേയ് 24 വരെയും അപേക്ഷിക്കാം.

ജൂൺ 13-ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (പഴയ സ്കീം), നാലാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്ട്രീം) ഡിഗ്രി പരീക്ഷയ്ക്ക് പിഴയില്ലാതെ മേയ് 24, 50 രൂപ പിഴയോടെ മേയ് 26, 125 രൂപ പിഴയോടെ മേയ് 28 വരെയും ഫീസടച്ച് അപേക്ഷിക്കാം.

## റിസർച്ച് അദാലത്ത്

കേരള സർവകലാശാലയിൽ ഗവേഷണം നടത്തുന്നവരുടെ പ്രശ്ന പരിഹാരത്തിനായി അദാലത്ത് സംഘടിപ്പിച്ചു. പരാതി രജിസ്റ്റർ ചെയ്ത ഇരുന്നൂറോളം ഗവേഷകരിൽ 125 പേർ അദാലത്തിൽ നേരിട്ട് പങ്കെടുത്തു. ഗവേഷണ പ്രക്രിയയുമായി ബന്ധപ്പെട്ട് യു.ജി.സി നിബന്ധനകൾ സർവകലാശാലയിൽ നടപ്പിലാക്കിയതിനെ തുടർന്നാണ് ഗവേഷകരിൽ നിന്നും വിവിധതരം പരാതികൾ ഉയർന്നത്. ഇത്തരം പരാതികൾക്കാണ് അദാലത്തിൽ പരിഹാരമായത്. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. പി.എം.രാധാമണി, ഡോ. പി.രാജേഷ്

കുമാർ, ഡോ. കെ.മാണിക്യരാജ്, ശ്രീ.എം.ശ്രീകുമാർ, ഡോ.ആർ.ലതാദേവി എന്നിവർ അദാലത്തിന് നേതൃത്വം നൽകി.

## എം.വി.എ പരീക്ഷ

ജൂൺ ഒന്നിന് ആരംഭിക്കുന്ന മൂന്നും നാലും സെമസ്റ്റർ മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് (എം.വി.എ) പരീക്ഷയ്ക്ക് പിഴകൂടാതെ മേയ് 21, 50 രൂപ പിഴയോടെ മേയ് 23, 125 രൂപ പിഴയോടെ മേയ് 25 വരെ ഫീസടച്ച് രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അപേക്ഷ ക്ഷണിച്ചു

ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിലെ തുടർവിദ്യാഭ്യാസ വകുപ്പ് യൂണിറ്റിൽ നടത്തുന്ന തൊഴിലധിഷ്ഠിത കോഴ്സായ സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗിന് (Tally) അപേക്ഷ ക്ഷണിച്ചു. കോഴ്സിന് ചേരാനാഗ്രഹിക്കുന്നവർ ആറ്റിങ്ങൽ ഗവ.കോളേജിലെ CACEE ഓഫീസുമായി ബന്ധപ്പെടണം. കോഴ്സിന്റെ കാലാവധി മൂന്ന് മാസം. വിദ്യാഭ്യാസ യോഗ്യത: പ്ലസ്ടു ജയിച്ചിരിക്കണം, ക്ലാസ്സുകൾ: ശനി, ഞായർ ദിവസങ്ങളിൽ മാത്രം. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി: മേയ് 20. അപേക്ഷകൾ ആറ്റിങ്ങൽ ഗവ.കോളേജിലെ CACEE യൂണിറ്റിന്റെ ഓഫീസിൽ നിന്നും ശനി, ഞായർ ദിവസങ്ങളിൽ ലഭിക്കും. അപേക്ഷാഫീസ്: 110 രൂപ. കൂടുതൽ വിവരങ്ങൾക്ക്: 8129418236, 9495476495.

തിരുവനന്തപുരം.
14.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in